CHANDRIKA - 29-05-2025

# വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ പദ്ധതിയിൽ സിഫ്റ്റിലെ 47 ശാസ്ത്രജ്ഞർ

കൊച്ചി: രാജ്യത്തെ ഒന്നരക്കോടി കർഷകരുമായി കാർഷിക ശാസ്ത്രജ്ഞരും വിദഗ്ധരും നേരിട്ട് സംവദിക്കുമെന്ന് അവകാശപ്പെടുന്ന വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ പദ്ധതിയിൽ, കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ-സിഫ്റ്റ് ഭാഗമാകും. ഇന്ന് തുടങ്ങി ജൂൺ 12 വരെ നീളുന്നതാണ് ക്യാമ്പയിൻ. മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംവദിക്കുന്നതിനായി സിഫ്റ്റിലെ 47 ശാസ്ത്രജ്ഞർ 14 ജില്ലകളിൽ ആയിരത്തിലധികം ഗ്രാമങ്ങളിൽ എത്തിച്ചേരുമെന്ന് അധികൃതർ അറിയിച്ചു. ഈ സംരംഭം ഏകദേശം കേരളത്തിലെ രണ്ട് ലക്ഷത്തോളം കർഷകർക്ക് പ്രയോജനപ്പെടുമെന്ന് സിഫ്റ്റ് ഡയറക്ടർ ഡോ.ജോർജ് നൈനാൻ പറഞ്ഞു.

വിവിധ സർക്കാർ ക്ഷേമ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും കർഷകരെ അറിയിക്കുകയും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിന് അവരെ സജ്ജരാക്കുകയും ചെയ്യും. മത്സ്യ സംസ്കരണത്തിലും മൂല്യവർധനവിലും സംരംഭക അവസരങ്ങൾക്കുള്ള മാർഗനിർദേശം നൽകുന്നതിലും സിഫ്റ്റിലെ ശാസ്ത്രജ്ഞർ പ്രധാനപങ്ക് വഹിക്കും. 731 കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, 113 ഐസിഎആർ സ്ഥാപനങ്ങൾ, സംസ്ഥാന തല വകുപ്പുകൾ, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നിവയിലെ ഉദ്യോഗസ്ഥർ എന്നിവരും പദ്ധതിയുടെ ഭാഗമാവും. കർഷകർക്ക് അവർ നേരിടുന്ന വെല്ലുവിളികൾ പങ്കിടാനും ചോദ്യങ്ങൾ ചോദിക്കാനും, ഫീൽഡ് തല പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യാനും അവസരമുണ്ടാവും.